The Cochin Agriculturists' Relief Bill.

Mr. K. T. Mahew.—Sir, I move to introduce the Cochin Agriculturists' Relief Bill.

ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതിനോട് കൂടി ഒന്നാമതായിട്ട് എനിക്കു ഈ സഭയുടെ ശ്രദ്ധയിലേക്കു കൊണ്ടുവരാനുള്ളതു് എന്താണെന്നു വെച്ചാൽ ഏകദേശം ഒരു കൊല്ലം മുമ്പു ഈ നിയമസഭയിൽ ജ്ഞണബാധിതരായ കർഷകന്മാർക്കു വേണ്ട രക്ഷചെയ്യുന്നതിന്നായി അടുത്തു തന്നെ വേണ്ട നടപടികൾ ഗവൺമെണ്ടിൽ നിന്നു തന്നെ ചെയ്യണമെന്നു് ഒരു പ്രമേയം ഈ സഭയിൽ അവതരിപ്പിച്ചു പാസാക്കിയിട്ടുണ്ടു് എന്നുള്ളതാണു്. ആ പ്രമേയത്തിൽ ആവശ്യപ്പെട്ടിരുന്നതു് എന്താണെന്നു വെച്ചാൽ ഭവനഗർസ്റ്റേറ്റിൽ നടപ്പിലിരിക്കുന്ന പ്രകാരമോ മറ്റോ ഒരു രക്ഷാമാർഗ്ഗം ഈ നാട്ടിലെ കർഷകന്മാർക്കു ഗവൺമെണ്ടു് ഉടനെ തന്നെ ചെയ്യണമെന്നായിരുന്നു. ആ പ്രമേയം പാസാക്കിയിട്ടു് ഇപ്പോൾ ഏകദേശം ഒരു കൊല്ലമായിരിക്കുന്നു. അതിനു ശേഷം ഇവിടത്തെ ഗവൺമെണ്ടു ചെയ്തിട്ടുള്ളതു എന്താണെന്നു നോക്കിയാൽ ഫർഫ്രവ്-ൽ ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പാക്കിയിരിക്കുന്ന ഒരു നിയമം ഒരു ബിൽ രൂപേണ ഈ നിയമസഭയിൽ അവതരിപ്പിക്കുകയും അതിനെ പറ്റി റിപ്പോർട്ട് ചെയ്യുന്നതിന്നായി ഒരു സെലക്ടുകമ്മിറ്റിയെ നിശ്ചയിക്കുകയുമാണെന്നു കാണാം. അതുകൂടാതെ മറ്റൊരു ഗവൺമെണ്ടു കമ്മിറ്റിയേയും നിശ്ചയിച്ചിട്ടുണ്ടു്. ആ കമ്മിറ്റിയെപ്പറ്റി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം. ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബില്ലിന്റെ തത്വത്തെ പരിശോധിക്കുന്നതിന്നു മുമ്പായി ഈ സംഗതിയിൽ ഗവൺമെണ്ടു ചെയ്തിട്ടുള്ളതും ഈ നിയമസഭ ഗവൺമെണ്ടിനോടു ചെയ്യുവാൻ ആവശ്യപ്പെട്ടിട്ടുള്ളതും കൂടി ആലോചിച്ചുനോക്കിയാൽ ഗവൺമെണ്ടു ഈ കാര്യത്തിൽ വേണ്ടത്ര പ്രവൃത്തിച്ചിട്ടില്ലെന്നു മനസ്സിലാകുന്നതാണു്. ഏകദേശം ഒരു കൊല്ലത്തോളം ആലോചിച്ചതിന്റെ ശേഷമാണു് ഒരു കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നതെന്നു പറയുമ്പോൾ ഗവൺമെണ്ടിന്റെ അലസത, ഉത്തരവാദിത്വബോധമില്ലായ്മ എത്രമാത്രം ഉണ്ടെന്നു നിങ്ങൾ തന്നെ ആലോചിച്ചു നോക്കുവിൻ. ഒരു കമ്മിറ്റിയെ വെച്ചു ആലോചിക്കണമെന്നു ഗവൺമെണ്ടിനു് അഭിപ്രായമുണ്ടായിരുന്നു എന്നു വരികിൽ ആ പ്രമേയം ഇവിടെ പാസ്സാക്കിയതിനു അടുത്ത സമയത്തു തന്നെ ആകമ്മിറ്റിയെ ഗവൺമെണ്ടു നിശ്ചയിക്കേണ്ടതായിരുന്നു. ഗവൺമെണ്ടു് അങ്ങനെ ചെയ്യാതിരുന്നതു് ഈ സംഗതിയെപ്പറ്റി നിയമസഭയിൽ അനുദ്യോഗസ്ഥമെമ്പർമാർ എന്തു മുറവിളി കൂട്ടിയിരുന്നാലും ആരു് അതു വകവെയ്ക്കുവാൻ പോകുന്നുവെന്നുള്ളൊരു ധിക്കാര മനസ്ഥിതി കൊണ്ടായിരിക്കണം. എന്നാൽ നിയമസഭ ഈ കാര്യത്തെ പറ്റി വീണ്ടും ഗവൺമെണ്ടിനെ ഉൽബോധിപ്പിച്ചപ്പോൾ കമ്മിറ്റിയെവെ

LIBRARY ARCHIVES Kerala Legislative Assembly

ച്ച് ഈ കാര്യം നീട്ടിക്കൊണ്ടുപോകാൻ എളുപ്പമുണ്ടെന്നു വിചാരിച്ചു. അപ്പോഴാണ് കമ്മിറ്റിയെ ഉണ്ടാക്കിയത്. എന്തൊരു മനസ്ഥിതിയാണ് ഇത്! എന്തൊരു കാര്യബോധമില്ലായ്മയാണ്!! ഉത്തരവാദിത്വബോധമില്ലായ്മ ഇതിലും കൂടുതലായി കാണുവാൻ സാധിയ്ക്കുമോ? അനേകായിരം പ്രജകളുടെ രക്ഷയെ തൃണവൽഗണിച്ച് പ്രവൃത്തിക്കുന്നതിനെപ്പറ്റി എന്തു പറയട്ടെ! ഭരണരംഗത്തിൽ തന്നെയല്ല ബ്രിട്ടീഷ് ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ കൃഷിക്കാരെ രക്ഷിക്കുന്നതിനു വേണ്ടി പലതും ചെയ്തുകൊണ്ടിരിക്കുന്നു. കഴിഞ്ഞ നിയമസഭയിൽ ഹാജരാക്കിയ "Debt Conciliation Board Bill" സെൻട്രൽ പ്രോവിൻസിലെ ഗവൺമെണ്ടുതന്നെ കൊണ്ടുവന്നു നിയമസഭയിൽ ഹാജരാക്കി പാസാക്കിയിട്ടുള്ളതാണ്. അതിനെപ്പറ്റി ഇവ അവസരത്തിൽ കൂടുതലായി ഒന്നും വിസ്തരിച്ചു പറയണമെന്നുദ്ദേശിക്കുന്നില്ല. ആ ബില്ലിനെ ഗവൺമെണ്ടു സ്വീകരിച്ചും ഉപയോഗിച്ചു എതിർത്തു എന്നുള്ളതു നാം ഓർക്കുന്നുണ്ടെല്ലൊ. മറ്റു ചില സംസ്ഥാനങ്ങളിലും നാട്ടുരാജ്യങ്ങളിലും ജീണബാധിതരായ കൃഷിക്കാർക്കുവേണ്ടി രക്ഷ ഗവൺമെണ്ടു ഉടനടി ചെയ്തുകൊടുക്കുന്നു. യുണൈറ്റഡ് പ്രോവിൻസസിൽ "അഗ്രിക്കൾച്ചറൽ റിലീഫ് ബിൽ" ഗവൺമെണ്ടിൽ നിന്നുതന്നെ നിയമസഭയിൽഹാജരാക്കി. "യുണൈറ്റഡ് പ്രോവിൻസസ്" ഗവൺമെണ്ടുമായി എഴുത്തുകുത്തുനടത്തിയതിന്റെ ഫലമായിട്ട് ലഭിച്ചതാണ് ബില്ലിനെ അടിസ്ഥാനപ്പെടുത്തിയുണ്ടാക്കിയിട്ടുള്ള ബില്ലാണ് ഇപ്പോൾ ഞാൻ അവതരിപ്പിക്കുന്ന Agriculturists Relief Bill. മറ്റു ഗവൺമെണ്ടുകൾ ഈ കാര്യത്തിൽ ചെയ്തിട്ടുള്ളതിനെ ഒന്നും പരിശോധിക്കാതെ സ്വന്തമായി ഒരു ബിൽ ഉണ്ടാക്കി പേരു സമ്പാദിക്കണമെന്നു ഉദ്ദേശിച്ചല്ല ഞാൻ ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. യുണൈറ്റഡ് പ്രോവിൻസസ് ഗവൺമെണ്ട് സിക്രട്ടറി എനിക്കു അയച്ചതനുസരിച്ചു പറയുന്നതു് ആ പ്രോവിൻസസിൽ മൂന്നു ബില്ലുകൾ ഗവൺമെണ്ടു അവതരിപ്പിച്ചിട്ടുള്ളതിൽ ഇതു ഒന്നു മാത്രമാണെന്നാണ്. അവിടത്തെ അണ്ടർ സിക്രട്ടറി മിസ്റ്റർ എസ്സ്. അബ്ദുൽ ഹസ്സൻ ആണ് എനിക്കു ഈ ബില്ലിന്റെ കോപ്പിയും മുൻപറഞ്ഞ കത്തും അയച്ചു തന്നിട്ടുള്ളതു്. ഇങ്ങിനെ മറ്റു ഗവൺമെണ്ടു് ഈ കാര്യത്തിൽ ചെയ്യുന്നതൊന്നും നമ്മുടെ ഗവൺമെണ്ടു് അറിയുന്നതായി ഭാവിക്കുന്നില്ല. പക്ഷെ അതൊന്നും ഗവൺമെണ്ടു് അനേഷിക്കുന്നില്ലായിരിക്കാം; അറിയേണ്ട ആവശ്യമില്ലായിരിക്കാം. മറ്റൊരു ഗവൺമെണ്ടു് കൃഷിക്കാരെ രക്ഷിക്കുന്നതിനായി ഉണ്ടാക്കിയ ബില്ലാണ് ഇതെന്നു മനസ്സിലാക്കി നമ്മുടെ ഗവൺമെണ്ടു് എന്തെങ്കിലും ചെയ്യുമൊ എന്നു നോക്കുവാനാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നതു്. ഈ മാതിരിയൊരു ബില്ലു് നമ്മുടെ ഗവൺമെണ്ടു തന്നെകൊണ്ടുവരേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. പക്ഷേ ഗവൺമെണ്ടിന്നു് അതിന്നു മനസ്സില്ല. ഗവൺമെണ്ടു് ദ്യോഗസ്ഥന്മാക്കു് സമയമില്ല, സൗകര്യമില്ല. ഇങ്ങിനെ ഒരു നിയമം വടക്കേ ഇൻഡ്യയിൽ മാത്രമല്ല. തെക്കെ ഇൻഡ്യയിലെ ഒരു നാട്ടരാജ്യത്തും പാസ്സാക്കിയിട്ടുണ്ടു്. ഒരു മാതൃകാരാജ്യമായ മൈസൂരിലും ഇങ്ങിനെ ഒരു നിയമം നടപ്പാക്കീട്ടുള്ളതായി കാണുന്നു. ആ നിയമത്തിന്റെ ഒരു കോപ്പിയാണു് ഇതു്.

Agriculturists' Relief Regulation.

Regulation No. XVIII of 1928. Notification No. P. 603, (Legislative Department), 48/17/2, dated 24th July 1928. Ordered that the accompanying Regulation to relieve the Agricultural classes in Mysore from indebtedness, which received the assent of His Highness the Maharajah.

ഇതു് മൈസൂർ ഗവൺമെണ്ടു പ്രസിദ്ധപ്പെടുത്തീട്ടുള്ള നിയമപുസ്തകമാണു്.

ഇനി ഈ ബില്ലിന്റെ തത്വത്തെപ്പറ്റി ആലോചിക്കാം. പ്രധാനമായി മൂന്നു കാര്യമാണു് ഈ ബില്ലുകൊണ്ടു് ആവശ്യപ്പെട്ടിരിക്കുന്നതു്. ഞാൻ ഈ ബില്ലിലെ തത്വങ്ങളെ മാത്രമല്ലാതെ ഓരോ വകുപ്പിനെപ്പറ്റിയും പറയുവാൻ വിചാരിക്കുന്നില്ല. അതിനുള്ള സന്ദർഭം ഇപ്പോഴില്ല. സെലക്ടു് കമ്മിറ്റിയുടെ റിപ്പോർട്ടു് കിട്ടിക്കഴിഞ്ഞതിന്നു ശേഷമാണു് വകുപ്പുകളെ ഓരോന്നായി പരിശോധിക്കേണ്ടതു്. ഇതിലെ വകുപ്പുകൾ ഇപ്പോൾ ഓരോന്നായി എടുത്തു നോക്കുന്നതായാൽ ചില തെറ്റുകളുണ്ടെന്നു പറയുവാൻ എളുപ്പമുണ്ടായിരിക്കും. എനിക്കു് ഗവൺമെണ്ടു് അഡ്വക്കേറ്റിനെ പോലെ നിയമജ്ഞാനമില്ല. കോടതികയറി പരിചയമില്ല. ബില്ലുകൾ നിർമ്മിയ്ക്കുന്നതിനുള്ള പാണ്ഡിത്യമില്ല. ആയതിനാൽ ചില വകുപ്പുകളിൽ കണ്ടേക്കാവുന്നതായ ചില്ലറ തെറ്റുകളെ അടിസ്ഥാനപ്പെടുത്തി ബില്ലിന്റെ തത്വത്തെ എതിർത്തിട്ടാവശ്യമില്ല. ഈ ഘട്ടത്തിൽ ബില്ലിന്റെ തത്വത്തെ മാത്രമെ പരിശോധിക്കേണ്ട ആവശ്യമുള്ളൂഎന്നാണു് Council Standing Orders-ൽ പറയുന്നതു്. ആയതിനാൽ ബില്ലിന്റെ തത്വത്തെ സ്വീകരിച്ചു് ബിൽ സെലക്ടു്കമ്മിറ്റിയ്ക്കു കൊടുത്തു് പരിശോധിച്ചു് പ്രയോജനപ്പെടത്തക്ക വിധത്തിൽ വേണ്ടുന്ന മാറ്റങ്ങൾ വരുത്തി പിന്നീടു നിയമസഭയിൽ കൊണ്ടുവരുവാനാണു് ഞാൻ ആവശ്യപ്പെടുന്നതു്.

ഈ നാട്ടിൽ കർഷകന്മാർ വളരെ അധികമാണു്. ഏകദേശം നൂറുക്കു് എഴുപതു വീതം കർഷകന്മാരാണു് എന്നുള്ള സംഗതി കഴിഞ്ഞ സെൻസസ്സു് റിപ്പോർട്ടു് എടുത്തു നോക്കിയാൽ കാണാം. അവരിൽ കുറെ പേരും ധനവാന്മാരായിരിക്കാം. മറ്റുള്ളവരെല്ലാം ഒരു വിധം സാധുക്കളും നിത്യവൃത്തിക്കു മാത്രം വര

LIBRARY ARCHIVES Kerala Legislative Assembly

യുള്ളവരുമാണ്. അങ്ങിനെയുള്ളവരെ സംരക്ഷിക്കേണ്ടതു ഗവ ൎമ്മെണ്ടിന്റെ കടമയാണ്. നമ്മൾ ഇവിടെ വന്നിരിക്കുന്നതി ന്റെ ഉദ്ദേശം തന്നെ രാജ്യത്തിനും പെരുമാവലിക്കും എന്തെങ്കിലും ഗുണം ചെയ്യുവാനാണ്. ഈ അധഃപതനകാലത്തു് ജീവിതരായ കൃഷിക്കാരെ രക്ഷിക്കേണ്ടതു് ഏറ്റവും അത്യാവശ്യമാണെ ന്നു ഞാൻ അനുദ്യോഗസ്ഥ മെമ്പർമാരേയും ഗവൺമ്മെണ്ടു മെമ്പർ മാരേയും പ്രത്യേകം പ്രത്യേകം പ്രബോധിപ്പിച്ചുകൊള്ളുന്നു.

ഈ അധഃപതനം കൊണ്ടു രണ്ടു കൂട്ടർക്കാണു് പ്രത്യേകം ഗുണം കിട്ടിയിരിക്കുന്നതു്. ഒന്നു ഗവൺമ്മെൻറു ഉദ്യോഗസ്ഥന്മാ ർക്കും; രണ്ടു്, പണം പലിശക്കു കൊടുക്കുന്നവർക്കുമാണ്. ഉദ്യോഗ സ്ഥന്മാർക്കു അവരുടെ ശമ്പളത്തിൽ യാതൊരു കുറവുമില്ലാതിരി ക്കുന്നിടത്തോളം കാലം അവർക്കു അധഃപതനത്തെക്കുറിച്ചു് അ പേക്ഷിക്കേണ്ട ആവശ്യമില്ല. അതുപോലെതന്നെ പണമിടപാ ടുകാർക്കും പലിശയിൽ യാതൊരു കുറവും വരാതിരിക്കുന്നിടത്തോ ളം കാലം ഈ അധഃപതനത്തെക്കുറിച്ചു് അപേക്ഷിക്കേണ്ട ആ വശ്യമില്ല ഈ രണ്ടു കൂട്ടർക്കും സമ്പാദിക്കുവാനുള്ള നല്ലകാലമാ ണിതു്. കൃഷിക്കാരായ ആളുകൾക്കു് ഈ അധഃപതനംമൂലം യാ തൊന്നും സമ്പാദിക്കുവാൻ കഴിയുന്നില്ലെന്നു മാത്രമല്ല അവർ കട ത്തിൽപെട്ടു് രക്ഷയില്ലാതെ നശിച്ചുപോകുന്നു. ഉല്പന്നങ്ങളുടെ വിലക്കുറവുനിമിത്തം അവരുടെ വരവു വളരെ കുറഞ്ഞിരിക്കുന്നു. അവരുടെ വീടും പറമ്പും നിലവുമെല്ലാം പണവ്യാപാരികളുടെ കയ്യിലാക്കാൻ തുടങ്ങിയിരിക്കുന്നു. ഈ സംഗതി വളരെ ഗൌര വമേറിയതാണു്. പണവ്യാപാരികൾ പലിശനിരക്കിൽ പറയ ത്തക്ക യാതൊരു കുറവും ചെയ്യാതെ ഈ സാധുക്കളുടെ കഴുത്തുമു റിക്കുന്നതക്കവിധത്തിൽ പെരുമാറിവരുന്നു. പണവ്യാപാരികൾ ക്കു ധാരാളം പണമുണ്ടു്; വളരെ സ്വാധീനശക്തിയു ണ്ടു്. അതുപോലെ ഗവൺമ്മെൻറുദ്യോഗസ്ഥന്മാർക്കും സമ്പാദ്യ മുണ്ടു്, ശക്തിയുണ്ടു് എന്നുമാത്രമല്ല അവർ വിദ്വാന്മാരുമാണു്. ഈ രണ്ടു കൂട്ടർക്കും സാധുക്കളായ കൃഷിക്കാരുടെ വസ്തുക്കളെല്ലാം കൈവശമാക്കുവാൻ നല്ല തക്കമാണു് ഇപ്പോൾ. എന്നാൽ നൂ റുക്കു് എഴുപതുവീതമുള്ള കൃഷ്ടകന്മാർക്കുകട്ടെ അവർക്കു യാതൊരു സ്വാധീനശക്തിയുമില്ല. അവർക്കു ബലമില്ല. അവരുടെ വര വിൽ കൂടുതലായ ചിലവുള്ളതുകൊണ്ടു പണവ്യാപാരികളും ഗവ ൎമ്മെൻറുദ്യോഗസ്ഥന്മാരും സമ്പാദിക്കുന്നതുപോലെ അവർക്കു സാ ധിക്കുന്നില്ല. അവരുടെ വരവു കുറഞ്ഞു കുറഞ്ഞു തന്നെ വരുന്നു. അവർ കടത്തിൽ മുങ്ങിയിരിക്കുന്നു. ഇങ്ങിനെയുള്ള രക്ഷചെയ്യ ണമെന്നുള്ളതാണു് ഈ ബില്ലിന്റെ പ്രധാന ഉദ്ദേശം.

ഈ ബില്ലിന്റെ തത്വങ്ങളിൽ ഒന്നു് പണവ്യാപാരികൾ ക ണക്കു സൂക്ഷിക്കണമെന്നും, കടംവാങ്ങിച്ചിട്ടുള്ളവർക്കു് അവരുടെ കണ

LIBRARY ARCHIVES Kerala Legislative Assembly

ക്ക് ആവശ്യപ്പെട്ടാൽ കാണിച്ചുകൊടുക്കണമെന്നുമാണ. ഉന്നതവിദ്യാഭ്യാസംഇല്ലാത്ത ആളുകൾ ആണ് കൃഷിക്കാർ. അവർ ബാങ്കിലെപോലെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടായിരിക്കയില്ല. അവർ വാങ്ങിയിട്ടുള്ള കടത്തിലേക്കു കൊടുക്കുന്ന സംഖ്യകൾ ശരിയായി വരവുവെച്ചിട്ടുണ്ടോ എന്നറിവാൻ അവർക്കു ആഗ്രഹമുണ്ടായിരിക്കും. അങ്ങിനെ അവരുടെ ഇടപാടുസംബന്ധിച്ചുള്ള കണക്കുകാണണമെന്ന് അവർ ആവശ്യപ്പെട്ടാൽ ആരുടേ പക്കൽനിന്നും അവർ കടം വാങ്ങിയിരിക്കുന്നുവോ അവരോടു് കണക്കു കാണിച്ചുതരണമെന്നു് ആവശ്യപ്പെടാവുന്നതാണ്. കടം വാങ്ങിച്ചിട്ടുള്ളവർ സംഖ്യ കുറച്ചു കുറച്ചായി കൊടുത്തുവരുന്നുണ്ടായിരിക്കും. അത്യാവശ്യം വരുമ്പോൾ പിന്നെയും കടം വാങ്ങിക്കുവാൻ അവർ പുറപ്പെട്ടും. അങ്ങിനെയിരിക്കെ, ആവശ്യമെങ്കിൽ അവർക്കു് അവരുടെ ഇടപാടു സംബന്ധിച്ചുള്ള കണക്കുകൾ നോക്കേണ്ടതു് ആവശ്യമായിത്തീരും. ആയതിനാൽ ഈ ബില്ലിൽകണക്കുകൾ കാണിച്ചുകൊടുക്കണമെന്നുള്ള നിബന്ധന വെച്ചിട്ടുണ്ട്.

ഈ ബില്ലിലെ മറെറാരു പ്രധാന ഭാഗം ഒരു കർഷകൻ വാങ്ങിച്ചിട്ടുള്ള സംഖ്യ മടക്കികൊടുക്കുമ്പോൾ ഒരു ഗഡുവിൽതന്നെ മുഴുവൻ സംഖ്യയും കൊടുക്കണമെന്നു് നിർബ്ബന്ധിക്കാതെ പല ഗഡുക്കളായി കൊടുത്താൽ മതിയെന്നു് നിർബന്ധിക്കണമെന്നുള്ളതാണ്. ഇതാണ് നാലാം വകുപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നതു്. ഒരാൾക്കു കൊടുക്കുവാനുള്ള സംഖ്യ കൊടുക്കാതിരിക്കുവാനല്ല ഈ ബില്ലിന്റെ ഉദ്ദേശം. വാങ്ങിച്ച സംഖ്യ മടക്കികൊടുക്കുന്നതിനു വേണ്ട സൌകര്യങ്ങളുണ്ടാക്കികൊടുക്കണമെന്നാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിട്ടുള്ളതു്.

ബില്ലിലെ മറെറാരു സംഗതി ഭൂമികൾ പണയപ്പെടുത്തുന്നതായ സമയത്തു് അതു ഇരുകാലത്തേയ്ക്കു് എന്നു് ക്ലിപ്തപ്പെടുത്തുകയും ആ ഭൂമിയിൽ നിന്നുള്ള ആദായം കടം കൊടുക്കുന്ന ആൾ എടുത്തു് അനുഭവിച്ചു കുറെ കാലം കഴിഞ്ഞാൽ ഭൂമികൾ ഉടമസ്ഥനു തിരിച്ചു കൊടുക്കുകയും വേണ്ടതാണ്. ഭൂമി പണയം കൊടുത്തു കടം വാങ്ങിക്കുന്നവെങ്കിൽ ഭൂമിയിൽനിന്നുള്ള ആദായം കടം കൊടുക്കുന്ന ആൾക്കു് കിട്ടുകയും കടക്കാരനിൽ നിന്നും ഈടാക്കേണ്ടതായ സംഖ്യ മുഴുവനും ആ സ്വത്തിന്റെ ആദായംകൊണ്ടു് ഈടാക്കുകയും ചെയ്തുകഴിഞ്ഞാൽഭൂമി ഉടമസ്ഥനു് തിരിച്ചുകൊടുക്കേണ്ടതാണു്. ഭൂമി തിരിച്ചു കൊടുക്കാതിരിക്കുന്നപക്ഷം അതിലേയ്ക്കു് എങ്ങിനെ നടപടികൾ നടത്തണമെന്നുള്ളതിനെപ്പറ്റിയാണു് ആറാം വകുപ്പിൽ പറഞ്ഞിരിക്കുന്നത്.

ഈ ബില്ലിൽ മറെറാരു പ്രധാന വകുപ്പുള്ളതു് ഏഴാം വകുപ്പാണു്. അതു വേണ്ട തരത്തിൽ മാറുന്നതിനു് എനിക്കു വിരോധമില്ല. അതിലെ കാര്യങ്ങൾ അനേഷിച്ചും ആലോചിച്ചും

LIBRARY ARCHIVES Kerala Legislative Assembly

നോക്കി ശരിപ്പെടുത്തുവാൻ പെട്ടെന്നു സാധിക്കാത്തതിനാലാണ് ആ വകുപ്പ് ഇതേ തരത്തിൽതന്നെ ബില്ലിൽ ചേർക്കേണ്ടിവന്നതു്. അതു ശരിപ്പെടുത്തിയതിനുശേഷം ബിൽ അവതരിപ്പിക്കുന്നതായിരുന്നാൽ സമയം വളരെ കഴിഞ്ഞുപോകുമോ എന്നുള്ള ഭയംകൊണ്ടാണ് ഈ വിധത്തിൽ തല്ക്കാലം എഴുതിച്ചേർത്തു് ഞാൻ ഗവൺമെൻറിലേയ്ക്കു സമർപ്പിച്ചിട്ടുള്ളതു്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്ന നാലോ, പത്തോ, പതിനഞ്ചോ വീതം എന്നുള്ളതു് ഈ ബിൽ സിലക്ട് കമ്മിറ്റിക്കു് അയച്ചതിനുശേഷം എങ്ങനെ വേണമെങ്കിലും മാറ്റാവുന്നതാണ്. ഈ വകുപ്പ് മുഴുവൻതന്നെ വിട്ടുകളയേണ്ടിവന്നിരുന്നാൽ തന്നെ അങ്ങനെയും ചെയ്യാവുന്നതാണെല്ലൊ. ഈ വകുപ്പിൽ കണ്ടേക്കാവുന്ന ചില തെറ്റുകളെ, അപൂർണ്ണതയെ നിമിത്തം ബിൽ തള്ളിക്കളയരുതേ എന്നു ഗവൺമെണ്ടിനോടും അനുദ്യോഗസ്ഥ സാമാജികന്മാരോടും അപേക്ഷിച്ചുകൊള്ളുന്നു. നമുക്കു് ഈ ബില്ലിൻറെ പ്രധാന തത്വങ്ങളെ മാത്രം നോക്കുകയല്ലാതെ മറെറാന്നുംതന്നെ ഈ അവസരത്തിൽ നോക്കേണ്ട ആവശ്യമില്ല എന്നുള്ള സംഗതിയെ ഞാൻ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

മൈസൂർ റെഗുലേഷൻപ്രകാരം ഈ ബില്ലിൽ ഉള്ളതിനേക്കാൾകൂടുതലായ ഗുണങ്ങൾ അവിടത്തെ കൃഷിക്കാർക്കു ചെയ്തുകൊടുത്തിട്ടുണ്ട്. എൻറെ ഒരു മാന്യസ്നേഹിതൻ മൈസൂർ ന്യായത്തിൻറെ ഒരു കോപ്പി എനിക്കു അയച്ചുതന്നപ്പോൾ എഴുതിയിട്ടുള്ള കത്തിൽ പറഞ്ഞിരിക്കുന്നതു് മൈസൂർ നിയമത്തിൻറെ പതിമ്മൂന്നാം വകുപ്പും പതിനാലാംവകുപ്പിൻറെ കുറെഭാഗവും ഈ ബില്ലിൽ ചേർക്കണമെന്നാണ്. ആ ഭാഗം ഞാൻ ഇവിടെ വായിക്കാം.

Section 13.—No Agriculturist shall be arrested or imprisoned in execution of a decree for money, passed whether before or after this Regulation comes into force.

[No immovable property belonging to an Agriculturist shall be attached or sold in execution of any decree or order passed after this Regulation comes into force, unless it has been specially mortgaged for the payment of the debt to which such decree or order relates, and the security still subsists.]

"ഇങ്ങിനെ ചില വകുപ്പുകൾ മൈസൂർ നിയമത്തിൽ ഉണ്ടെങ്കിലും അതൊന്നും ഞാൻ ഇപ്പോൾ ഈ ബില്ലിൽ ചേർത്തിട്ടില്ല. ഈ ബില്ലിൽ മൈസൂർ റെഗുലേഷനിലെ ചില ഭാഗങ്ങൾ കൂടി ചേർത്താൽകൊള്ളാമെന്നു് ഈ സഭയ്ക്കു അഭിപ്രായമുണ്ടെങ്കിൽ അങ്ങിനെ ചെയ്യാവുന്നതാണു്. അതെല്ലാം ബിൽ സിലക്ട് കമ്മിറ്റിക്കു് അയച്ചതിനുശേഷം മാത്രമേ നമുക്കു ചെയ്യുവാൻ സാധിക്കയുള്ളു എന്നു് അറിയാമെല്ലൊ.

Mr. T. A. Ramachandra Ayyar.—I second it.

LIBRARY ARCHIVES Kerala Legislative Assembly

Mr. Thomas Manjuran.—Sir, from what the Hon'ble Member for Kunnamkulam has stated, one would think that the Government is indifferent with regard to the lot of the agriculturists in these times of depression and further that the Government has been trying to gaintime, one does not know for what purpose. Unfortunately even a cursory examination of the Bill now sought to be introduced will convince any impartial party that this Bill is altogetherunsuited to the condition of this State and that no amount of reshapening could possibly make it acceptable. I shall with your leave Sir, just try to explain some of the provisions of the Bill. But before doing so let me deal with that Mysore Regulation. That Regulation was passed in the year 1928, admittedly before the present depression began. It certainly could not have been a measure passed anticipating the present depression. At any rate the depression was not prevalent in 1928. Tointroduce such a measure as a remedy for the peculiar conditions now existing, I submit, cannot at all be considered to be a reasonable step. The peculiar conditions of Mysore are, for what we know, very different from Cochin. The depression began in the year 1929 and became more stringent in the subsequent years. Les us ask ourselves whether before that year we ever heard of such agrarian trouble in Cochin. Was there any distress amongst our agriculturists? Was there any complaint that they could not pay their debts? I say emphatically 'no'. Cochin conditions are very different from conditions prevailing elsewhere and particularly from conditions in Nagapur, Bhavanagar and other Northern provinces and even from Mysore. Hon'ble Members, let us not ignore that very important fact. Our peculiar conditions require peculiar measures. The measures introduced to meet the peculiar conditions elsewhere need not necessarily be suitable to this State. If in the year 1928 a certain Agriculturists Relief Bill was found necessary in Mysore, that does not mean that either then or now that measure is justified or required in this State. Because some other States have passed measures to suit their conditions we are not bound thereby to imitate them by introducing measures which possibly may be dangerous to our State. Let us examine, cursorily, this measure. There are some three or four important provisions contained in this measure. The first is that contained in section 3, suits for accounts. Did any Hon'ble Member even hear of debtors being oppressed by creditors here by submitting false accounts? I have not heard. Even assuming that there might have existed at one time some fraudulent Hundi people, I do not think that they were maintaining false accounts. They might have extorted high rates of interest. But I never

LIBRARY ARCHIVES Kerala Legislative Assembly

heard of any false accounts case. That idea is entirely foreign to Cochin. It may be the case in Nagpur, in Punjab and elsewhere. But does that form of oppression exist in Cochin? I have been practising in the Cochin Courts for the last 22 years and I have never heard of such a case. This sort of 'Spoon feeding' legislation is intended to meet the innocent, helpless and incompetent agriculturists who may exist in some northern parts of India. Our agriculturists are not such helpless people who do not know what they owe to their conditions. Where are these Hundi men any how? How many of them have you got in the State now? They can be counted on one's fingures, and such of them as are left are, I suppose, generally respectable ones.

The hundies are being rapidly replaced by Banks. We have got scores of banks in the State now. I do not think that these banks are maintaining any false accounts. The entire inappropriateness, in Cochin, few of making possession for accounts, is obvious from these facts.

Let us then pass on to the next provisions, the fixing of instalments for execution of decrees. Personally I do not see why it is necessary because Courts of Law as now constituted, are not helpless in this matter. Further, with regard to the provision for payment by instalments, where is the real difficulty any how? We are to remember that this is intended as emergency legislation. This legislation is intended to be introduced for the purpose of the emergency that is now on us. What then is the real position? The only two methods by which an agriculturist may be effected by decrees passed against him are (1) by sale of land and secondly by arrest. With regard to the sale of land, as Hon'ble Members know the latest circular issued by the Chief Court has achieved more than what is intended to be achieved by this bill. The circular lays down that even if small amounts are paid, sales should not be held. With regard to arrests, there is nothing to prevent Courts of law from freely using Sec. 631 of the C. P. C. What more does the Hon'ble Member for Kunnamkulam want? We cannot destroy the credit of this country by introducing unsuitable measures that interfere with the operation of credit. Hon'ble Members know that the Government are moving heaven and earth to solve the problem of economic destress. It is not a difficulty of anybody's making. It is a world-wide problem and any attempt at such consented solutions may do much more havoc than good. The one thing that confronts us is the tremendous fall in the prices of agricultural products. If any Hon'ble Member can devise a method to meet that situation he will be a benefactor to Cochin and to India in general. But as it is we can only trust in God

LIBRARY ARCHIVES Kerala Legislative Assembly

and do our best. I must respectfully submit, that after giving my best consideration to the bill, I am convinced that it is not reasonably possible to shape this bill into a useful reason.

To continue, let us consider clause 6, the provision with regard to interest. We have already in hand a Usurious Loans Bill which has been referred to a Select Committee of this House. That Select Committee can make such recommendations as they choose. We do not want this bill for the purpose of solving the problem of interest.

Then clause 7. A more inappropriate series of provisions it is impossible to imagine. A mere reading of them will convince the Hon'ble Members of that fact. "In the case of loans advanced after the commencement of this Regulation the maximum amount which may be recovered by a creditor from such a debtor as aforesaid by any legal process shall be as follows:—

(1) On account of the principal of the loan when the debtor is a proprietor, 15 times the annual revenue assessed". Now to prove that this bill is not suitable to Cochin, I shall illustrate by an example. Take the case of a first class cocoanut garden. For verumpattom tenure, the assessment comes to about 13 rupees. 15 times 13 comes to 195. A cocoanut garden is even now worth well over thousand rupees. Is not the proposed resolution obviously fatness and suicidal?

Take the next clause, when the debtor is a tenure-holder, 10 times the annual recorded rent. I am a tenant myself. First class Paliam parambas carrying a pattom of 13 to 15 rupees. 10 times 15 comes to 150 rupees. Such properties easily fetch even now well over 1,000 rupees. Is it wise to bind down the poor agriculturists in the manner proposed?

The whole thing can be stated in a nut-shell. These and similar bills are intended to meet the conditions existing elsewhere. We do not know what conditions exist in Nagpur? But I do know some of the conditions that exist in northern Indian Provinces and States. I gave the other day an account of what happened in Punjab where the Government was compelled to pass a measure stipulating that no agricultural lands granted to soldiers should be sold because the soldier agriculturist happened to be in the clutches of the Marwari to such an extent that the Government had to interfere. But those conditions do not exist here. Whoever heard of any difficulty between the debtor and creditor in Cochin before this depression descendded on us. The law that exists in Nagpur and elsewhere was intended to meet chronic cases of helplessness of illiterate agriculturists.

I am sorry I cannot now go into a more detailed examination

LIBRARY ARCHIVES Kerala Legislative Assembly

of the provisions contained in this bill. The ingenious idea contained in Section 10 is that a mortgage should redeem itself automatically within 20 years. That can be easily done if you simply make the mortgage terms more onerous, that is all. It does not require any such ingenuity to draw up such mortgages. Generally, in the case of a usufructuary mortgage, the mortgagee enjoys the income of the property mortgaged in lieu of the interest and when the capital is paid the property is redeemed. Now under this Bill both the capital and the interest must be paid up within 20 years. You can easily do it. You give the mortgage three times as much property as is usually mortgaged and the debt will be automatically imposed out in a limited number of years. Where is the virtue introducing such a provision by means of a Bill?

Again take the case of Section 13. Can it be that the Hon'ble Member for Kunnamkulam is loosing confidence in our courts of law? The Diwan Peishkar has, I know very heavy work now, and if you want him to try a few hundred suits into the bargain, his lot will be rather hard. I do not think there is any necessity for introducing such a provision. In short, all that I can say is that this measure, which may be suited to other places, is not suited to Cochin and cannot, in my opinion, be adopted to the conditions in Cochin at all. The Government is hence constrained reluctantly to oppose this Bill. The problems that confront other States are entirely different from ours. We have to find a solution for a passing emergency. Such a solution is not contained in this bill. The relief sought by this bill will not provide relief from any of the conditions that exist here. In these circumstances Government is very reluctantly obliged to oppose the bill.

മിസ്റ്റർ. കെ. അയ്യപ്പൻ.—സർ, ഈ ബില്ലിന്റെ ഓരോ പ്രോവിഷൻസും എടുത്തു് ലാ മെമ്പർ അവർകൾ ദോഷങ്ങൾ പറയുകയുണ്ടായി. അതിനു് സമാധാനം പറയേണ്ട ആവശ്യമില്ല. അതു് ബില്ലിന്റെ അവതാരകൻതന്നെ ഇവിടെ പറഞ്ഞു കഴിഞ്ഞു. ബില്ലിന്റെ പ്രിൻസിപ്പിൾ മാത്രമേ ഇപ്പോൾ നോക്കേണ്ടതുള്ളു. വടക്കെ ഇൻഡ്യയിലെ സ്ഥിതി ഇവിടെയില്ല; അതുകൊണ്ടു് ഈ ബിൽ ആവശ്യമില്ല എന്നുള്ള സംശയം മാത്രമേ പ്രിൻസിപ്പിൾ സംബന്ധമായി അദ്ദേഹം ഇവിടെ പറഞ്ഞിട്ടുള്ളതായി എടുക്കാനുള്ളു. വടക്കെ ഇൻഡ്യയിലെപ്പോലുള്ള സ്ഥിതി ഇവിടെ ഉണ്ടായാലും ഇല്ലെങ്കിലും കടക്കാരെ രക്ഷിക്കേണ്ട സ്ഥിതി വന്നിട്ടുണ്ടെന്നു സർക്കാരിനു തന്നെ മനസ്സിലായിട്ടുണ്ടു്. അതിലേക്കു വടക്കെ ഇൻഡ്യയിലെ സ്ഥിതികളുമായി താരതമ്യം ചെയ്യേണ്ട ആവശ്യമില്ല. എന്തെങ്കിലും ഒരു രക്ഷ കടക്കാർക്കു ചെയ്തു കൊടുക്കണമെന്നുള്ളതു് സർക്കാരിനു ബോദ്ധ്യമായിട്ടുണ്ടു് എന്നുള്ളതിനു് ലാ മെമ്പർ

LIBRARY ARCHIVES Kerala Legislative Assembly

അവർകൾ ഇവിടെ പറഞ്ഞ കോടതിയിലെ ഉത്തരവുതന്നെ ഒരൊന്നാംതരം തെളിവാണ്. പ്രസ്സ് ബില്ലുകൾ കൊണ്ടുവന്നപ്പോൾ ലാ മെമ്പർ തന്നെ മറ്റു രാജ്യങ്ങളിലെ പ്രസ്സ് നിയമങ്ങളെ ഉദാഹരണമായി എടുത്തു. അപ്പോൾ ആ രാജ്യങ്ങളിലെ സ്ഥിതി ഇവിടെ ഇല്ലെന്നുള്ളത് അദ്ദേഹം സാരമായി എടുത്തില്ല.

കോടതികൾക്കു ഔചിത്യംപോലെ പ്രവൃത്തിക്കാൻ അധികാരം കൊടുക്കുന്നതുകൊണ്ടു അനിശ്ചിതത്വം പോകയില്ല. അതു് കടക്കാർക്കും കടം കൊടുക്കുന്നവർക്കും ഒരുപോലെ ദോഷകരമായിരിക്കും. ആ ദോഷമാണ് ഈ ബില്ല് പ്രധാനമായി പരിഹരിക്കുന്നതു്. അങ്ങിനെ ഗവർമ്മെണ്ടുതന്നെ സമ്മതിച്ചു നടപ്പിലാക്കീട്ടുള്ള ഒരു വ്യവസ്ഥയുടെ പരിപൂർത്തിക്കു വേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ഇതിനു് ലാ മെമ്പർ അവർകൾക്കു വല്ലതും പറയാനുണ്ടോ? നിവൃത്തിയുള്ള പക്ഷം കടക്കാർക്കു കോടതിയിൽ കയറാതേയും വക്കീലന്മാരുടെ അടുത്തു പോകാതേയും ഇരിക്കത്തക്കവണ്ണമുള്ള രക്ഷ കിട്ടണം. കോടതിയിൽ പോയാൽ കടമില്ലാത്തവരുംകൂടി കടത്തിലാകും. അതിനുവേണ്ടിയാണ് ഇങ്ങിനെയുള്ള ലജിസ്ലേഷൻ വേണമെന്നു പറയുന്നതു്. സാധുജനങ്ങളുടെ സങ്കടത്തിനു് യാതൊരു പരിഹാരവുമില്ലാത്ത വ്യവസ്ഥവച്ചുകൊണ്ടിരിക്കുന്നതിൽ എന്താണ് അർത്ഥമുള്ളതു്? കോടതി കയറി കായ്യം തീരുമാനിക്കുവാൻ ഇടവരാതിരുന്നാൽ രക്ഷ കിട്ടുന്ന നിലയിൽ എത്തിയിട്ടുള്ള കടക്കാരുണ്ടു്. അങ്ങിനെയുള്ള കടക്കാർ കോടതിയിൽ കയറിയാൽ നൂറിനു് തൊണ്ണൂറൊമ്പതും നശിക്കും. ഗവർമ്മെണ്ടു് ഇപ്പോൾ സഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്നില്ലെന്നു ഞാൻ പറയുന്നില്ല. സഹായം ചെയ്യണമെന്നു് ആഗ്രഹമുണ്ടെങ്കിലും സഹായം ചെയ്യാൻ ഗവർമ്മെണ്ടിനു് സാധിക്കുന്നില്ലെന്നേയുള്ളൂ. ഇപ്പോൾ ഗവർമ്മെണ്ടു വിചാരിക്കുന്നതുപോലുള്ള നടപടികൾ നടന്നു വരുമ്പോൾ നമ്മുടെ ജനങ്ങൾ നാശത്തിലാകും. ഭവനഗർ സ്കീംപോലെ എന്തെങ്കിലും ഒരു സ്കീം ഇവിടെ നടപ്പാക്കാമെന്നു ഗവർമ്മെണ്ടു പറഞ്ഞിട്ടു ഒരു കൊല്ലം കഴിഞ്ഞിട്ടില്ലേ? ഈ ഒരു കൊല്ലത്തിനുള്ളിൽ എന്തെങ്കിലും നമ്മുടെ ഗവർമ്മെണ്ടിനു് ചെയ്യുവാൻ കഴിഞ്ഞിട്ടുണ്ടോ? അമേരിക്കയിൽ റൂസ്വെൽട്ട് ഏകാധികാരം എടുത്തു ഉടനടി കായ്യങ്ങൾ നടത്തുവാൻ വേണ്ടിയുള്ള സകല ഏർപ്പാടുകളും ചെയ്തുവരുന്നു. ഈ അവസരത്തിൽ നാം ഇവിടെ കമ്മിറ്റി ഏർപ്പെടുത്തി ആലോചിച്ചുകൊണ്ടിരുന്നാൽ അതു് ചത്തതിനെ ചികത്സിക്കുവാൻ വിചാരിക്കുന്നപോലെയായിപ്പോകും. ഇവിടത്തെ കൃഷിക്കാർക്കും കടക്കാർക്കും വടക്കെ ഇൻഡ്യയിലെപോലെ കണ്ണുപാടില്ലെന്നു പറയുന്നതു ശരിയല്ല. വടക്കെ ഇൻഡ്യയിലെ കായ്യം ഇതിൽ നോ

LIBRARY ARCHIVES Kerala Legislative Assembly

ക്കേണ്ടതുമില്ല. ഇവിടത്തെ ആളുകൾ ക്ഷാമംകൊണ്ടു വളരെ കഷ്ടപ്പെടുന്നുണ്ടു്. മൈസൂരിലും മറ്റും ക്ഷാമത്തിനു മുമ്പുതന്നെ അത്യാവശ്യമാണെന്നു കണ്ടു നടപ്പാക്കിയിരിക്കുന്ന നിയമം ഈ ക്ഷാമകാലത്തുപോലും ഇവിടെ ആവശ്യമില്ലെന്നാണോ പറയുന്നതു്? ലാ മെമ്പർ അവർകൾ ഇതിനേക്കുറിച്ചു് ഉത്തരവാദിത്വബോധമില്ലാതെയാണു് മറുപടി പറഞ്ഞിരിക്കുന്നതു്. ബില്ലിന്റെ അവതാരകൻ വെറുതെ സമയം കളയുകയാണത്രേ ചെയ്തതു്. ഒരു മെമ്പർ ആവശ്യമായ ഒരു ബിൽ ഇവിടെ അവതരിപ്പിക്കുവാൻ വേണ്ടി അദ്ദേഹത്തിന്റെ സമയം ചിലവാക്കി അതിനു വേണ്ട ലിറ്ററേച്ചറെല്ലാം പഠിച്ചു ബുദ്ധിമുട്ടിയതിനു് ഇങ്ങിനെയാണോ അദ്ദേഹത്തിനു് സമ്മാനം കൊടുക്കേണ്ടതു്? മുമ്പു് ഇതുപോലെ ഒരു ബിൽ തള്ളിക്കളഞ്ഞതിനെപ്പറ്റി ഹിന്ദുപത്രം ആക്ഷേപിക്കുകയുണ്ടായി. ഈവക നിയമനിർമ്മാണത്തിനു് ഗവർമ്മെണ്ടുതന്നെ ശ്രമിക്കേണ്ടതാണെന്നാണു് ആ പത്രം പറഞ്ഞതു്.

ഒരു ബഹുമാനപ്പെട്ട മെമ്പർ തന്റെ ജോലിത്തിരക്കിനിടയിൽ കഴിയുന്നതാലോചിച്ചു സമയം ചിലവാക്കി ഒരു ബിൽ ഇവിടെ കൊണ്ടുവന്നാൽ അതിലെ ന്യൂനതകൾ പരിഹരിക്കുവാൻ നിയമജ്ഞന്മാരായ ലാ മെമ്പർ അവർകൾക്കു സാധിച്ചില്ലെങ്കിൽ അതു് അദ്ദേഹത്തിന്റെ മുമ്പാകയില്ലായ്മമാത്രമാണു്. ഇതു് ഗവർമ്മെണ്ടു കൊണ്ടുവരേണ്ട ഒരു ബില്ലായിരുന്നു. പക്ഷെ നിങ്ങൾ കൊണ്ടുവന്നില്ല. എന്നാൽ ഞങ്ങൾ കൊണ്ടുവന്നതിനെ തടയാതിരിക്കാനെങ്കിലും നിങ്ങൾക്കു മുമ്പാകയുണ്ടു്. എങ്ങിനെയെങ്കിലും ജനങ്ങൾക്കു രക്ഷ വരുത്തുകയാണു് വേണ്ടതു്. നിങ്ങൾ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ അറിയുന്നില്ല. ഈ രാജ്യത്തെ ജനങ്ങളുടെ മുഴുവൻ ദുരവസ്ഥകളും ദിവാൻജി അവർകൾ കാണുന്നില്ല. നിങ്ങൾ അദ്ദേഹത്തെ തെറ്റിദ്ധരിപ്പിക്കുന്നു. പമ്പാബിലെ സ്ഥിതി അങ്ങിനെയാണു്; മറ്റു സ്ഥലങ്ങളിലെ സ്ഥിതി ഇങ്ങിനെയാണു് എന്നെല്ലാം നിങ്ങൾ അദ്ദേഹത്തോടു പറഞ്ഞു പരിഭ്രമിപ്പിച്ചാൽ അദ്ദേഹം അതു് വിശ്വസിക്കാതെ എന്തു ചെയ്യും? ഇവിടത്തെ സ്ഥിതി മുഴുവൻ നല്ലപോലെ അറിയുവാൻ പാടില്ലാത്ത ഒരു ദിവാൻജി നല്ല ഉദ്ദേശത്തോടുകൂടി രാജ്യഭരണം നടത്തുന്ന അവസരത്തിൽ എന്തെങ്കിലും നല്ല കാര്യം ചെയ്യണമെന്നു അദ്ദേഹത്തിനു് ഉദ്ദേശമുള്ളപ്പോൾ നിങ്ങൾ അദ്ദേഹത്തെ ഇപ്രകാരം തെറ്റിദ്ധരിപ്പിക്കുന്നു എങ്കിൽ അതു് വലിയൊരു അധർമ്മമാണു്. രാജ്യത്തെ ഭൂരിപക്ഷം ജനങ്ങളെ കടം വീഴ്ങ്ങിയിരിക്കുന്നു. ഈ രാജ്യത്തെ പറമ്പുടമസ്ഥന്മാരെല്ലാം ഏതാനും മുതുകം പറമ്പുടമസ്ഥന്മാരുടെ കയ്യിലാകുവാൻ പോകുന്നു. ഭൂരിപക്ഷം ജനങ്ങൾക്കും കിടക്കുവാൻപോലും സ്ഥലമില്ലാതാകും. വലിയ മാന്യതയിൽ കഴിഞ്ഞുകൂടിയിരുന്ന ധനവാന്മാർപ്പോലും തീരെ ദരിദ്രന്മാരായി തീരാറായിരിക്കുന്നു. ഇതു് പാവ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളേയും ധനികരേയും ഒന്നുപോലെ ബാധിക്കുന്ന ഒരു കാര്യമാണ്. ഇതാണ് ഈ രാജ്യത്തെ സ്ഥിതിയെന്നു ദിവാൻജി അവർകൾ അറിയുന്നില്ല. ഉദ്യോഗസ്ഥന്മാർക്കും മാറാം ഇപ്പോൾ നല്ല കാലമാണ്. അവർക്ക് ചിലവു മുമ്പിലത്തെപോലെയില്ല; ശമ്പളം കൂടുതലുമുണ്ട്. അതുകൊണ്ടവരുടെ സ്വന്തം ഭാഗ്യംമാത്രം ഓർത്ത് മറ്റുള്ളവരുടെ നിർഭാഗ്യത്തെ ഓർക്കാതിരിക്കരുതു. ഈ ബില്ലിന്റെ തത്വം സ്വീകരിച്ച് വേണമെങ്കിൽ ഇതു് അപ്രധാനമായ്കം മാറ്റം ചെയ്യുന്നതിനും വിരോധമില്ല. അതുകൊണ്ടു ഈ ബിൽ സ്വീകരിക്കണമെന്നു ഞാൻ സവിനയം ഗവർമ്മെണ്ടിനോടു അപേക്ഷിച്ചുകൊള്ളുന്നു.

Mr. A. Sankara Poduval—Sir, I am in full sympathy with the spirit of this Bill and I support it. The reasons urged by the Law Member in opposing this Bill do not appeal themselves to me. He referred to the different conditions obtaining in the United Provinces. That is really looking at it from a wrong angle of vision. Even in Mysore, before the depression started it was thought necessary to introduce a Bill like this, in the interests of the agriculturist, which is an *afortiori* ground for such a Bill being introduced here. Agricultural indebtedness is deep-rooted in the State. It is immaterial that indebtedness arose. The difficulty to wriggle out of the situation, I must state, is clear at every step. Now, in attempting to place measures before the Council, to alleviate the distress, to wriggle out of the difficulty I really fail to understand why the Law Member should object and say 'conditions are different here', conditions may be different which gave rise to the present state of affairs elsewhere. The agriculturists in the United Provinces might have become indebted, out of conditions entirely different from those in Cochin. We are not trying to understand how they become indebted. We are here to see whether the Cochin Agriculturist is in a pitiable plight and whether there is any way of saving him. Legislation was introduced in the sister State of Mysore in 1928, i. e. before the depression was felt there. Now that the ryots in Cochin are in the threads of increasing indebtedness a stronger case exists for the introduction of this Bill in the Cochin State now

Again, so far as 'conditions' are concerned permit me to say a word from my own personal experience. The lot of agriculturists in the United Provinces is 90 per cent the same as either in Cochin or in Malabar. I had occasion to study the various processes carried on in the United Provinces in the course of a visit to North India and I may say the nature of the soil, the nature of the cultivation, except of course that some

LIBRARY ARCHIVES Kerala Legislative Assembly

other crops are also raised there, are almost the same as in Malabar. I would emphasise the importance of the point and urge the Hon'ble Members to read the reports of the Agricultural Department issued for a series of years by the Government of the United Provinces. In opposing a motion whereby the Agricultural Department was accused of extravagance, in the first year of this Council, I had occasion to refer to some of these reports and I strongly backed up the Government scheme. Conditions in the United Provinces and the Cochin State were compared by me, as may be seen from my speech at that time, in the printed proceedings of the Council. Those if you who had occasion to read the reports issued by the Agricultural Department of the Government of the United Provinces will be convinced that in regard to agriculture and agricultural development conditions are very much the same so that there is no meaning in asserting that the conditions are different.

Again I fail to follow the Hon'ble Law Member when he objects to the Bill saying that there is the Chief Court Circular, there is the Usurious Loans Bill. All that is entirely beside the point. We are asking Government to consider whether there should not be legislation on these lines, whether the reliefs that are legitimate and feasible should be left to the option, the discretion or the idosyncracies of the Presiding Judge. We want Legislation upon that point. We want to see that the lot of the agriculturists substantially relieved. Therefore, on principle there cannot be any manner of objection to the consideration of this matter. The lethargy of Government, its indifference, is certainly not very creditable. I am also inclined to voice the feelings expressed in the sincere, and stirring speech made by yesterday on the floor of this House by the Hon'ble Member for Cheruthuruthi that Government Members seem to take things very easily; they seem to nod it over us. They seem to think that wisdom and knowledge are entirely their monopoly. Speaking for myself, I have been beginning to feel a studied tendency, on the part of the Government Members, to belittle non-official members. We are seriously thinking of compelling the Government to carry on the proceedings of this Council with the minimum of 15 members,, the rest, keeping back.

Mr. George Chakyamuri.—Who told you that? Certainly I do not subscribe to that view.

Mr. A. Sankara Poduval.—If you do not, no matter. If Government Members keep up this attitude, we mean to combine and prevent the securing of even fifteen members to carry on the Council.

Let us examine the main objections raised. First, with regard to the provision for a suit for accounting. A non-official

LIBRARY ARCHIVES Kerala Legislative Assembly

Member of this Council stating that 70 per cent of the population of the State are agriculturists and realising that there is sharp practice carried on by money lenders, has inserted this provision which obtains in the other enactments reported to. There is divergence of opinion on the matter. Is there any harm done by retaining the provision meant only to protect the debtor?

Then with regard to the system of instalment payments. We want legislation in that behalf, and not the exercise of discretion by the Courts. The Chief Court Circular is no regulation, and Judges and Munsiffs very often disagree in their views. The opinion of the people as represented by the non-official members of this House is to the effect that they have greater faith in Legislation upon these lines, than in leaving the matter to the discretion of any particular judicial officer. If the provision for clearing off decree debts, according to the instalment payment system, be acceptable, where is the harm in having that provision? It is not a measure introduced for the first time, in the Cochin Legislative Council.

Let me next deal with the provision for redemption of the mortgage debt, within a certain period, say 20 years, whereby the debt is automatically wiped off. This is another provision to which the Hon'ble Law Member takes objection. There is nothing harmful in that; it is beneficial to the debtor. The question is whether it should be made compulsory. This is a topic to be considered by the Select Committee appointed. The Bill may have to be reshaped. The Bill presented now is but a skeleton. The Hon'ble Mover himself said that it is not the final word in the matter. The light-hearted manner in which criticisms have been levelled against similar enactments in British India and Mysore, by the Hon'ble Member for Law, does not seem to me to be in very good taste.

Mr. Thomas Manjuran.—I question that.

Mr. A. Sankara Poduval.—It seems to me that he ought not to have adverted to them sneeringly.

Mr. Thomas Manjuran.—I question that also.

Mr. A. Sankara Poduval.—The Hon'ble Member said that non-officials are wasting the time of the House. It is not because, we have nothing else to do that we come here. We are here, because we feel that we might try to do something in the interests of the people. If we are obstructed in the discharge of our duties, and treated with scant courtesy, I say, scrab this Council, and be done with it.

Mr. M. Krishna Menon.—I rise to oppose this Bill. It is high time for the public of Cochin to say "save us from our friends who want to support us in the Legislative Council".

LIBRARY ARCHIVES Kerala Legislative Assembly

Attempts to introduce Legislation of this nature are really causing more harm than good to the debtors. Creditors are pressing to recover even the capital owing to uncertainty of the measures that may be introduced. People are not prepared to advance money to the real needy on account of the same uncertainty. In this Bill the definition of an "Agriculturist" is all those who pay an assessment below Rs. 200 In this State a man who pays an assessment of Rs. 200 is certainly worth a lakh of rupees even according to the present valuation. To say that according to census 70 per cent of the population are agriculturists will be correct if this definition is accepted. That clearly shows that they are not only agriculturists but also land owners. In this State there will not be more than one per cent who live by agriculture alone. So the so-called agriculturists of this State cannot be compared to the agriculturist of Upper India, Mysore and other places. The indebtedness in the Cochin State is really among middle class men and it is among themselves. The Law Member on a previous occasion explained before this House the real state of affairs,in our State. One illustration of his explains the whole situation. One Landowner in a village starts a kuri. Another man joins and wins the prize. A third man borrows the money from the prize winner by mortgaging his property and that mortgage right is given as security for payment of future subscription. Now if you meddle with these transactions and legislate for reduction of interest in these transactions instead of saving any, you will be ruining all. So I warn the Government that if they interfere in these arrangements there will be a financial crisis in the State. I hear a lot of talk about the depression. What was the price of cocoanut and paddy 25 or 30 years ago? I may say without contradiction the present day price was the ruling price 30 years ago. But when the prices went up the people of Cochin as usual, began to have a lot of luxuries. Now the prices have gone down and they are not prepared to give up the luxuries. Except that there is very little effect of depression on the general public when the prices went up people began to acquire property at a high price and borrowed. Now they are not in a position to pay interest on the borrowed capital out of that property. The Government has already introduced "The Usurious Loan Act" to safeguard the above mentioned class of people and I think that will suffice for the present.

Mr. E. Ikkanda Warriar.—Has the Government any idea to refer the provisions of this Bill to the committee they have already appointed ?

Mr. Thomas Manjuran.—There is nothing to prevent that committee from considering this Bill or any other allied

LIBRARY ARCHIVES Kerala Legislative Assembly

measures. In fact that committee is going to investigate that matter. This will be a very pertinent subject for that committee to consider.

Mr. K. Ayyappan.—The terms of that committee does not include this.

Mr. Thomas Manjuran.—The 4th clause is general.

Mr. K. Ayyappan.—That is with regard to kuries alone.

Mr. Thomas Manjuran.—No. No.

Mr. George Chakyamuri.—I beg to support this Bill, not that I subscribe to all the provisions that are contained in this Bill, but I would earnestly appeal to the Government to reconsider their position regarding this Bill. It is only from one standpoint. The Government have conceded that there is the depression and the agriculturists require relief. The very fact that you have appointed a committee to consider these measures shows that the Government have conceded that there is acute depression going on and some sort of relief is necessary. They have appointed an expert committee and when that committee is going on into these questions minutely it is only proper that the non-officials would seek to introduce this Bill to the Council which is intended to advance the cause of the people to whom you are going to give some relief. It is not a new Bill that has been introduced in this Council. It is a Bill that is being practically worked in the Sister State of Mysore. Whenever you want authority you say that this is obtaining in Mysore and Travancore. Then you never say that the conditions there are different from the conditions here. That is the only position. What were the conditions obtaining there I do not know. That being the case I once more repeat, not that I subscribe to all the provisions, that it is worthwhile to consider whether it is workable or not and I earnestly appeal to the Government to revise their decision. What stands in the way of the Government to remit this Bill to the same commitee with Mr. Mathew as an additional member?

Mr. Thomas Manjuran.—That is not a Council Committee.

Mr. George Chakyamuri.—Of course there may be that difficulty. But the Government have got powers to ask that committee to consider this Bill also.

Mr. Thomas Manjuran.—They may consider.

Mr. George Chakyamuri.—Why not the Government ask the committee to consider this Bill co-opting one or two members of this House? You cannot brush aside a Bill when it is brought here by a non-official who has taken considerable trouble to study the matter. We find that, as a matter of fact, it is being worked in the Sister State. Of course, I cannot talk with

LIBRARY ARCHIVES Kerala Legislative Assembly

authority with regard to the conditions obtained in the United Provinces because my travels have not taken me to that place. Once again I earnestly appeal to the Government to re-consider their position and see whether it is worth consideration or not. I do not think there is anything so very reprehensible. Some of the provisions may not be necessary and they can be deleted. I honestly think this attitude of the Government is not correct. I do not think that time is being wasted. We are as much responsible as members on the other side. In fact it is more our duty to see that the people are benefited. When we go and make enquiries, study the subject and take the trouble to frame a Bill you simply brush it aside and say it is all waste of time of the Council. Under these circumstances I would appeal to the Government once again to reconsider the position and see that the Bill is considered at least by the committee appointed co-opting the Hon'ble Mover and one or two members of this Council who are interested in the matter. With these observations I support the Bill.

